"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പ്രധാൻ മന്ത്രി ആവാസ് യോജന (നഗരം) പദ്ധതിയുടെ ഭാഗമായി ജിയോ ടാഗ്ഗിങ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ച വകയിൽ കേന്ദ്ര സർക്കാരിൽ നിന്നും ആദ്യ ഗഡുവായി അനുവദിച്ച 14,29,200/- രൂപ കുടുംബശ്രീയ്ക്ക് അനുവദിച്ച് ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്

**സ.ഉ.(സാധാ) നം.1438/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 03/08/2020

---

പരാമർശം:- 1 കേന്ദ്ര പാർപ്പിടവും നഗരകാര്യവും മന്ത്രാലയത്തിന്റെ 31/12/2019 തീയതിലെ N-11011/40/2017-HFA-I/FTS-9028230 നമ്പർ ഉത്തരവ്

2 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 29 /02 /2020 തീയതിയിലെ 10741 /എൻ /2016 /കെ എസ് എച്ച് ഒ നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പ്രധാൻ മന്ത്രി ആവാസ് യോജന (നഗരം) ലൈഫ് പദ്ധതിയുടെ ഭാഗമായി ജിയോ ടാഗിംഗ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ച വകയിൽ പരാമർശം (1) ഉത്തരവ് പ്രകാരം 74 പദ്ധതികൾക്കായി 14,292 ഉപഭോക്താക്കൾക്കായി 28,58,400/- രൂപയുടെ അംഗീകാരം ലഭിച്ചു. പ്രസ്തുത തുകയുടെ ആദ്യ ഗഡുവായി 14,29,200/- രൂപ (50% of Central Assistance) അനുവദിച്ചതിൽ നിന്നും കോർപ്പറേഷനുകൾക്കുള്ള ശീർഷകത്തിൽ (2217-05-191-74) 2,85,840/- രൂപയും മുനിസിപ്പാലിറ്റികൾക്കുള്ള ശീർഷകത്തിൽ (2217-05-192-72) 11,43,360/- രൂപയും വകയിരുത്തി ആകെ 14,29,200/- രൂപ അനുവദിച്ചു നൽകണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ പരാമർശം (2) കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രധാൻ മന്ത്രി ആവാസ് യോജന (നഗരം) ലൈഫ് പദ്ധതിയുടെ ഭാഗമായി ജിയോ ടാഗ്ഗിങ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ച വകയിൽ കേന്ദ്ര സർക്കാരിൽ നിന്നും ആദ്യ ഗഡുവായി അനുവദിച്ച 14,29,200 /- രൂപ താഴെ പറയും പ്രകാരം കുടുംബശ്രീയ്ക്ക് അനുവദിച്ച് ഉത്തരവാകുന്നു.

| ശീർഷകം | തുക |
|---|---|
| 2217-05-191-74 | 2,85,840/-രൂപ |
| 2217-05-192-72 | 11,43,360 /-രൂപ |
| ആകെ | 14,29,200/- രൂപ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സജൻ സി വി ഐ എ എസ്**
**ഡെപ്യൂട്ടിസെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എൽ ബി എ & എ/ എ&ഇ)
ധനകാര്യ വകുപ്പ് (DEV-2/99/2020-FIN തീയതി 08/06/2020 പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസിൽ കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2020.08.03 11:39:02 IST
Reason: Approved
സെക്ഷൻ ഓഫീസർ